**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973** **29-08-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ ഉദ്യാവർ ഗവ. സ്കൂളിന് വേണ്ടി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഉദ്യാവർ ഗവ. സ്കൂളിന് വേണ്ടി സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ ഭൂമി അനുവദിക്കുന്നത് സംബന്ധിച്ചുള്ള ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഉദ്യവർ ഗവ. സ്കൂളിനു വേണ്ടി ആവശ്യമായ പ്രസ്തുത ഭൂമി മഞ്ചേശ്വരം താലൂക്കിലെ ഉദ്യാവർ വില്ലേജിലെ റീസർവ്വേ നമ്പർ 75/2 ൽ പ്പെടുന്ന 13.43 ഏക്കർ വനഭൂമിയിൽപ്പെടുന്നു. ടി ഭൂമി കേരള വനം നിയമം 1961 സെക്ഷൻ 4 പ്രകാരം നോട്ടിഫൈ ചെയ്ത് സെക്ഷൻ 6 പ്രകാരം ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ പ്രൊക്ളമേഷൻ ഉത്തരവായി ഫൈനൽ നോട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഈ വനഭൂമി സംരക്ഷണത്തിനായി സാമൂഹ്യവനവൽക്കരണവിഭാഗം കാസർഗോഡ് ഫോറസ്റ്റ് ഡിവിഷന് കൈമാറിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത വിദ്യാലയത്തിന് ഭൂമി അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത വിദ്യാലയത്തിന് ആവശ്യമായ ഭൂമി സർക്കാർ വനഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുള്ളതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം വിദ്യാഭ്യാസവകുപ്പ് , കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത വിദ്യാലയത്തിന് ടി ഭൂമി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) | പ്രസ്തുത വിദ്യാലയത്തിന് ആവശ്യമായ ഭൂമി സർക്കാർ വനഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുള്ളതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം വിദ്യാഭ്യാസവകുപ്പ് , കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത വിദ്യാലയത്തിന് ടി ഭൂമി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | പരിവേഷ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം മാനദണ്ഡങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ